# പതിമൂന്നാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ: 1556

15.02.2016 - ൽ
മറുപടിക്ക്

### ജില്ലാ കൃഷിത്തോട്ടത്തിന്റെ സ്ഥലം

| ചോദ്യം<br>ശ്രീ.ആർ. രാജേഷ് | | മറുപടി<br>ശ്രീ.കെ.പി.മോഹനൻ<br>(കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പ് മന്ത്രി) |
|---|---|---|
| എ) മാവേലിക്കര മണ്ഡലത്തിൽ പ്രവർത്തിക്കുന്ന ജില്ലാ കൃഷിത്തോട്ടത്തിന്റെ സ്ഥലം വി.എഫ്.പി.സി.കെ. (VFPCK)യ്ക്ക് വിട്ടുനൽകുന്നതിന് തീരുമാനിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ; | എ) | തീരുമാനിച്ചിട്ടില്ല. |
| ബി) വിട്ടുനൽകുന്നതിന് തീരുമാനിച്ച സ്ഥലത്തിന്റെ അളവ് എത്രയെന്ന് വ്യക്തമാക്കുമോ; | ബി) & സി) | മാവേലിക്കര ജില്ലാ കൃഷിത്തോട്ടത്തിന്റെ 5.08 ഏക്കർ സ്ഥലം ഉപയോഗിക്കുന്നതിന് വി.എഫ്.പി.സി.കെ.യ്ക്ക് അനുവാദം നൽകുകയാണുണ്ടായത്. ഹൈടെക്ക് പച്ചക്കറിതൈ യൂണിറ്റ് സ്ഥാപിച്ച് പച്ചക്കറിതൈ ഉൽപാദിപ്പിക്കുന്നതിനാണ് അനുവാദം നൽകിയത്. |
| സി) പ്രസ്തുത സ്ഥലം ഏതാവശ്യത്തിലേയ്ക്കാണ് വിട്ടുനൽകിയതെന്ന് വിശദമാക്കുമോ; | | |
| ഡി) പ്രസ്തുത സ്ഥലത്ത് നടപ്പിലാക്കുന്ന പദ്ധതിയുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ? | ഡി) | ഹൈടെക്ക് പച്ചക്കറിതൈ യൂണിറ്റ് സ്ഥാപിച്ച് പച്ചക്കറിതൈ ഉൽപാദിപ്പിക്കുന്നതിനാണ് മാവേലിക്കര ജില്ലാ കൃഷിത്തോട്ടത്തിന്റെ സ്ഥലം ഉപയോഗിക്കുന്നതിന് വി.എഫ്.പി.സി.കെ.യ്ക്ക് അനുവാദം നൽകിയിട്ടുള്ളത്. ഉൽപാദനയൂണിറ്റ് നിർമ്മിക്കുന്നതിന് ഇ-ടെൻഡർ ക്ഷണിക്കുകയും വി.എഫ്.പി.സി.കെ. ബോർഡ് തീരുമാനപ്രകാരം ഷീൽ ബയോടെക് ന്യൂഡൽഹിയുടെ ടെൻഡർ സ്വീകരിക്കുകയുമുണ്ടായി. സ്ഥലത്ത് ഭൂമി നിരപ്പാക്കൽ പ്രവർത്തനം മാത്രമേ നടത്തിയിട്ടുള്ളൂ. നിർമ്മാണപ്രവർത്തനം ഒന്നുംതന്നെ ഇതുവരെയും നടന്നിട്ടില്ല. |

സെക്ഷൻ ഓഫീസർ